(സി) സർക്കാർ ആഭിമുഖ്യത്തിലുള്ള സ്വയംഭരണ സ്ഥാപനങ്ങളിലുള്ള സ്വാശ്രയ കോഴ്സുകൾക്ക് നിശ്ചയിച്ചിട്ടുള്ള പൊതുമാനദണ്ഡങ്ങൾ കൊച്ചിയിൽ ആരംഭിക്കുന്ന കോളേജിലെ എം.ബി.ബി.എസ് കോഴ്സിനും ബാധകമാണ്. പകുതി സീറ്റുകൾ മെറിറ്റ് വിഭാഗത്തിലും പകുതി സീറ്റുകൾ പേയ്മെന്റ് വിഭാഗത്തിലും ആയിരിക്കും. ഇവയെ സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല.

(ഡി) സഹകരണ അക്കാഡമിയുടെ കീഴിലുള്ള സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനത്തിന് അക്കാഡമിക്ക് പ്രത്യേക സംവിധാനമുണ്ട്. യോഗ്യതയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽനിന്നുള്ള ജീവനക്കാർക്ക് തക്ക സമയത്ത് അപേക്ഷിക്കാവുന്നതാണ്.

(ഇ) മെഡിക്കൽ കൗൺസിലും, യൂണിവേഴ്സിറ്റിയും നിഷ്കർഷച്ചിട്ടുള്ള യോഗ്യതയുള്ളവരെ പി.എസ്.സി നടത്തുന്ന ടെസ്റ്റ്, ഇന്റർവ്യൂ മാതൃകയിൽ മെറിറ്റടിസ്ഥാനത്തിൽ നിയമിക്കുവാനാണ് അക്കാദമി ഉദ്ദേശിക്കുന്നത്. പുതുതായി ആരംഭിക്കുന്ന സ്ഥാപനമെന്ന നിലയിൽ സർവ്വീസിൽ നിന്നു റിട്ടയർ ചെയ്ത പ്രൊഫഷണലുകളുടെ സേവനവും തത്കാലികമായി പ്രയോജനപ്പെടുത്തുവാനും അക്കാദമി ഉദ്ദേശിക്കുന്നുണ്ട്.

ഡിസ്പിരിൻ വാങ്ങുന്ന നടപടി

198 (3388) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് ജെ. മാത്യൂ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്പിരിൻ ഗുളികയുടെ വിലയെത്രയാണ് ;

(ബി) ആസ്പിരിനേക്കാൾ ഡിസ്പിരിനുള്ള ഗുണമേന്മ എന്തെല്ലാമാണ് ;

(സി) 2000-2001-ാമാണ്ടിൽ ആശുപത്രികൾക്ക് വേണ്ടി വാങ്ങാനുള്ള മരുന്നുകളുടെ ലിസ്റ്റിൽ ഡിസ്പിരിന്റെ പേരും ഉൾപ്പെടുത്തി സെൻട്രൽ പർച്ചേസ് കമ്മിറ്റിയ്ക്കയച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ വിലകുറഞ്ഞ മരുന്നുള്ളപ്പോൾ വില കൂടിയ മരുന്ന് ലിസ്റ്റിൽപ്പെടുത്തുവാനുള്ള സാഹചര്യമെന്തെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും കീഴിലുള്ള ആശുപത്രികളിൽ 2000-2001-ലേയ്ക്കുള്ള സെൻട്രൽ പർച്ചേസ് കമ്മിറ്റി നിശ്ചയിച്ചിട്ടിട്ടുള്ള വിലയനുസരിച്ച് ആസ്പിരിൻ (300 മില്ലിഗ്രാം) ഗുളികയ്ക്ക് 100 എണ്ണത്തിന് താഴെ പറയും പ്രകാരമാണ് വില.

1. കെ. എസ്. ഡി. പി	9.85 രൂപ
2. ചെറുകിട കമ്പനികൾ	10.25 രൂപ

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡിസ്പിരിൻ എന്നത് സോല്യൂബിൾ ആസ്പിരിനാണ്. ഡിസ്പിരിൻ വെള്ളത്തിൽ വളരെ വേഗം അലിയുന്നു. ആയതിനാൽ ദീർഘനാൾ ഉപയോഗിക്കേണ്ടിതായി വരുന്ന പക്ഷാഘാതം, ഹൃദ്രോഗം തുടങ്ങിയ രോഗങ്ങൾക്ക് ആസ്പിരിൻ ഉളവാക്കുന്ന പർശ്വഫലങ്ങളായ ആമാശയത്തിലെ തകരാറ്, രക്തസ്രാവം, വ്രണം എന്നിവ ഡിസ്പിരിൻ ഉണ്ടാക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) സെൻട്രൽ പർച്ചേസ് കമ്മിറ്റി 2000-2001-മാണ്ടിലേയ്ക്കുള്ള മരുന്നുകൾ വാങ്ങാനായി പുതിയ മരുന്നുകളെ ഉൾപ്പെടുത്തുവാനും ആവശ്യമില്ലാത്ത മരുന്നുകൾ ലിസ്റ്റിൽ നിന്നു ഒഴിവാക്കുന്നതിനുമായി ഒരു സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റി മരുന്നുകളുടെ ആവശ്യമനുസരിച്ച് ലിസ്റ്റ് പരിശോധിച്ച് തയ്യാറാക്കിയതിൽ ഡിസിപരിനും ഉൾപ്പെട്ടിട്ടുണ്ട്. സി. പി. സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയാലും ഈ മരുന്ന് ആവശ്യമുള്ളിടത്തേയ്ക്കു മാത്രമേ വാങ്ങാറുള്ളൂ. ആസ്പിരിനും ലിസ്റ്റിൽ നിലവിലുണ്ട്. ആസ്പിരിന് പകരമായി ഡിസ്പിരിൻ വാങ്ങാൻ സാദ്ധ്യതയില്ല. അതിനുപറുമേ വില കൂടിയ മരുന്നുകൾക്ക് ഓർഡർ നൽകുമ്പോൾ പകരം വില കുറഞ്ഞ മരുന്ന് ലിസ്റ്റിൽ ഇല്ല എന്ന് പർച്ചേസ് ഓഫീസർ സർട്ടിഫൈ ചെയ്യണം എന്ന ഒരു പുതിയ നിർദ്ദേശം കൂടി നിലവിലുണ്ട്.

കെ. എസ്. ഡി. പി. ലഭ്യമാക്കിയ മരുന്നുകൾ

199 (3389) ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ നിന്ന് ആരോഗ്യവകുപ്പ് 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ എന്തു തുകയ്ക്കുള്ള മരുന്നിന് ഓർഡർ നൽകുകയുണ്ടായി ;

(ബി) പ്രസ്തുത കമ്പനി എന്തു തുകയ്ക്കുള്ള മരുന്ന് ഓരോവർഷവും ലഭ്യമാക്കിയിട്ടുണ്ട് ;

(സി) കമ്പനി മരുന്നു നൽകാതിരുന്നതിനെ തുടർന്ന് ഉണ്ടായ കുറവ് എപ്രകാരം പരിഹരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതുമൂലം ആരോഗ്യ വകുപ്പിന് എന്തു നഷ്ടമുണ്ടായി എന്നറിയിക്കുമോ ?

		ഉത്തരം
(എ)	1996-97	8.29 കോടി
	1997-98	14 കോടി
	1998-99	12.28 കോടി

LIBRARY ARCHIVES Kerala Legislative Assembly